കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 12 | മാർച്ച് 15 2024

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

3 പ്രദർശന സ്റ്റാളിന്റെ ഉദ്ഘാടനം കൃഷിമന്ത്രി പി.പ്രസാദ് നിർവ്വഹിച്ചു

4 മാറിവന്ന കേന്ദ്രസർക്കാരുകൾ കാർഷിക മേഖലയെ നയിച്ചത് പ്രതിസന്ധിയുടെ കയത്തിലേക്ക്: മന്ത്രി പി. പ്രസാദ്

5 ബേപ്പൂർ ഫിഷറീസ് കോംപ്ലക്സ് മന്ത്രി സജി ചെറിയാൻ ഓൺലൈനിൽ നാടിനു സമർപ്പിച്ചു

# കാർഷിക മേഖലയിൽ സഹകരണ മേഖലയുടെ ഇടപെടൽ ശക്തിപ്പെടുത്തും – മുഖ്യമന്ത്രി പിണറായി വിജയൻ

## 25 വർഷംകൊണ്ട് കേരളത്തെ മധ്യവരുമാന വികസിത രാജ്യങ്ങളുടെ നിലയിലേക്ക് ഉയർത്തും കർഷകരുടെ വരുമാനം 50 ശതമാനമെങ്കിലും വർദ്ധിപ്പിക്കും




അടുത്ത 25 വർഷംകൊണ്ട് കേരളത്തെ മധ്യവരുമാന വികസിത രാജ്യങ്ങളുടെ നിലയിലേക്ക് ഉയർത്താനാണ് സർക്കാർ ശ്രമിക്കുന്നതെന്നും അതിനുതകുന്ന വിധത്തിൽ കാർഷിക മേഖലയിൽ ഉത്പാദനവും ഉത്പാദന ക്ഷമതയും വർധിപ്പിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനായി പുതിയ സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തുകയും സഹകരണ മേഖലയുമായി ബന്ധപ്പെടുത്തി കാർഷിക മേഖലയ്ക്കു വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കും. നവകേരള നിർമിതിക്ക് കർഷകരുമായി ആലപ്പുഴയിൽ സംഘടിപ്പിച്ച മുഖാമുഖം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

കാർഷികോത്പാദനങ്ങളുടെ മൂല്യവർദ്ധന, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിതരണ-സംഭരണമടക്കമുള്ള കാര്യങ്ങൾ ശക്തിപ്പെടുത്തും. അഗ്രി കോർപ്പറേറ്റുകളുടെ സ്വാധീനത്തിൽ നിന്ന് കേരളത്തിലെ കാർഷികമേഖലയേയും കർഷകരേയും സംരക്ഷിക്കാനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ

ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

വിട്ടുവീഴ്ച കൂടാതെ നടത്തുന്നുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. അഗ്രി കോർപ്പറേറ്റുകളുടെ താത്പര്യങ്ങൾക്കു വഴങ്ങി ജലസേചനവും ഊർജ്ജലഭ്യതയും ഉറപ്പുവരുത്തുന്നതിൽ നിന്ന് പിന്മാറുകയും കൃഷിക്കുള്ള സബ്സിഡികൾ ഇല്ലാതാക്കുകയും വളങ്ങളുടെ വില കൂട്ടുകയും ഒക്കെ ചെയ്യുന്ന പൊതു സ്ഥിതിയിൽ നിന്ന് മാറി സഞ്ചരിക്കുകയാണ് കേരള സർക്കാർ.

കാർഷിക മേഖല ആകർഷകമായ, അന്തസ്സുറ്റ ഒന്നായി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും കാണുന്ന ഒരു നില ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കൃഷിയെ മുഖ്യ തൊഴിൽ ആയി ആശ്രയിക്കാൻ കഴിയുന്ന അവസ്ഥ ഉണ്ടാകും. കൃഷിയും കർഷകരും വലിയ വെല്ലുവിളികൾ നേരിടുമ്പോൾ കാർഷിക വിളകളുടെ വിലസ്ഥിരത ഉറപ്പുവരുത്താനോ ഭക്ഷ്യധാന്യങ്ങളുടെ സംഭരണം കാര്യക്ഷമമായി നടത്താനോ തയ്യാറാവാത്ത പൊതു ദേശീയ സാഹചര്യത്തിലാണ് കൃഷിക്കുള്ള വിഹിതവും കർഷകർക്കുള്ള സഹായങ്ങളും വർദ്ധിപ്പിച്ചും വിപണിയിൽ ഇടപെട്ടും സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. ഇത് ഒരു ബദൽ വഴിയാണ്.

കാലാവസ്ഥാ വ്യതിയാനവും വന്യമൃഗ ആക്രമണങ്ങളും ഉയർന്ന ജനസാന്ദ്രത മൂലം കൃഷി ഭൂമിയിലുണ്ടായിട്ടുള്ള കുറവും കേരളത്തിന്റെ കാർഷിക മേഖലയിൽ സൃഷ്ടിക്കുന്ന ഭീഷണി ചെറുതല്ല. ഇതിനെയൊക്കെ മറികടക്കാൻ ഉതകുന്ന പദ്ധതികളാണ് നടപ്പാക്കിവരുന്നത്.

കർഷകരുടെ വരുമാനം നിലവിലുള്ളതിനേക്കാൾ 50 ശതമാനമെങ്കിലും വർദ്ധിപ്പിക്കണമെന്നുള്ള കാഴ്ചപ്പാടോടെയാണ് സംസ്ഥാന സർക്കാർ പ്രവർത്തിച്ചുപോരുന്നത്. റബ്ബറിന്റെ താങ്ങുവില നമ്മുടെ പരിമിതികളുള്ളിൽ നിന്ന് 180 രൂപയായി വർദ്ധിപ്പിച്ചു.

കാർഷിക മേഖലയ്ക്ക് ഈ സർക്കാർ നൽകിവരുന്ന പ്രാധാന്യം എത്രയെന്ന് ഇത്തവണത്തെ ബജറ്റ് പരിശോധിച്ചാൽ വ്യക്തമാകും. വിളപരിപാലനത്തിന് 535.9 കോടി രൂപയും വിള ആരോഗ്യപരിപാലന പദ്ധതികൾക്ക് 13 കോടി രൂപയും മാറ്റിവെച്ചിട്ടുണ്ട്. വിഷരഹിത പച്ചക്കറി വികസനത്തിന് 78.45 കോടി രൂപയും കുട്ടനാട് മേഖലയിലെ കാർഷികവികസനത്തിന് 36 കോടി രൂപയും മാറ്റിവച്ചു.

നെല്ലുൽപ്പാദക കാർഷിക ആവാസ യൂണിറ്റുകൾക്ക് 93.60 കോടി രൂപയും നാളികേര കൃഷി വികസനത്തിന് 65 കോടി രൂപയും ഫലവർഗ്ഗ കൃഷി വികസനത്തിന് 18.92 കോടി രൂപയുമാണ് നീക്കിവെച്ചിട്ടുള്ളത്. ഇത്തരം പദ്ധതികളുടെ ഗുണഭോക്താക്കളിൽ 25 ശതമാനം സ്ത്രീകളാണ് എന്ന് കാണണം. കാർഷികോൽപ്പന്ന വിപണന പദ്ധതിക്ക് 43.90 കോടി രൂപയും മണ്ണ് ജലസംരക്ഷണത്തിന് 83.99 കോടി രൂപയും മൃഗസംരക്ഷണത്തിന് 277.14 കോടി രൂപയും ക്ഷീരവികസനത്തിന് 109.25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും കൃഷിയിലേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതി വിജയകരമായി മുന്നോട്ടുപോകുന്നു.ഇതിന്റെ ഭാഗമായി 23,245 കൃഷിക്കൂട്ടങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 20 ശതമാനത്തോളം വിവിധ ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവയാണ്. കൃഷിക്കൂട്ടങ്ങളുടെ രൂപീകരണത്തോടെ മൂന്ന് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ കാർഷിക മേഖലയിൽ സൃഷ്ടിച്ചു.

നൂതന കാർഷിക സാങ്കേതികവിദ്യകളായ പോളിഹൗസുകൾ, മഴമറകൾ, അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ് എന്നിവയിൽ താൽപ്പര്യമുള്ള ധാരാളം യുവജനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അവരെ ഈ രംഗത്ത് പിടിച്ചുനിർത്തുവാനും പ്രോത്സാഹനം നൽകാനുമുള്ള പദ്ധതികളും നടപ്പാക്കുന്നു.

കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വ്യാപനത്തിനായി കാർഷിക മിഷൻ തന്നെ സർക്കാർ ആരംഭിച്ചിട്ടുണ്ട്.സിയാൽ മോഡലിൽ കാപ്കോ കമ്പനി ആരംഭിച്ച് നവീന പദ്ധതികൾക്ക് തുടക്കമിടാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി പി.പ്രസാദ് പറഞ്ഞു. 2375 കോടി രൂപയുടെ കേര പദ്ധതിക്ക് തുടക്കമായെന്നും മന്ത്രി പറഞ്ഞു.

ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി, എ.എം. ആരിഫ് എം.പി., എം.എൽ.എമാരായ പി.പി. ചിത്തരഞ്ജൻ, എച്ച്. സലാം, തോമസ് കെ. തോമസ്, എം.എസ്. അരുൺകുമാർ, ദലീമ ജോജോ,.കാർഷികോത്പാദന കമ്മീഷ്ണറും പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ.ബി. അശോക്, ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.എസ്. ശ്രീനിവാസ്, മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് സെക്രട്ടറി പ്രണബ് ജ്യോതിനാഥ്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സീറാം സാംബശിവറാവു, ജില്ല കളക്ടർ ജോൺ വി. സാമുവൽ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

കർഷിക മേഖലയിലെ വിദഗ്ധരായ വിത്ത് സംരക്ഷകൻ പത്മശ്രീ. സത്യനാരായണ, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രൊഫസർ ഡോ. മധുര സ്വാമിനാഥൻ, സംസ്ഥാന കർഷക അവാർഡ് ജേതാക്കളായ കെ.എ. റോയി മോൻ, എം. ശ്രീവിദ്യ, പരമ്പരാഗത കർഷക പി. ഭുവനേശ്വരി, സംസ്ഥാന കർഷക അവാർഡ് ജേതാവ് എസ്.പി. സുജിത്ത്, കേര മേഖലയിലെ സംസ്ഥാന അവാർഡ് ജേതാവ് ജെ. ജ്ഞാനശരവണൻ, നെൽ കർഷകൻ ജോസ് ജോൺ, പച്ചക്കറികൃഷി സംസ്ഥാന അവാർഡ് ജേതാവ് എസ്.വി. സുജിത്ത്, ക്ഷീര കർഷകൻ ബൈജു നമ്പിക്കൊല്ലി, മത്സ്യ കർഷകൻ ടി. പുരുഷോത്തമൻ, ഹൈടെക് കർഷക രശ്മി മാത്യു, കാർഷിക മേഖല വിദഗ്ധൻ ഡോ.സി. ഭാസ്കരൻ, ആർ.സി.സി. അഡീഷണൽ ഡയറക്ടർ ഡോ.എ. സജീദ്, അഗ്രി സ്റ്റാർട്ടപ് സംരംഭകൻ ദേവൻ ചന്ദ്രശേഖരൻ, മൃഗസംരക്ഷണ മേഖല വിദഗ്ധൻ ഡോ. ആർ. വേണുഗോപാൽ, മത്സ്യമേഖലാ വിദഗ്ധൻ ഡോ.കെ.കെ. വിജയൻ, കാർഷിക മേഖല വിദഗ്ധൻ ജോർജ് അലക്സാണ്ടർ തുടങ്ങിയവർ സംവാദത്തിന് നേതൃത്വം നൽകി. ഡോ. ശ്രീവത്സൻ ജെ. മേനോൻ മോഡറേറ്ററായി.





നെട്ടുകാൽത്തേരി തുറന്ന ജയിലിൽ കൃഷി വകുപ്പ് SMAM, SHM ധനസഹായത്തോടെ നടപ്പിലാക്കിയ കാർഷിക യന്ത്രങ്ങളുടെ കൈമാറ്റവും കൂൺ കൃഷി യൂണിറ്റ് ഉദ്ഘാടനവും നിർവഹിച്ചു. പ്രിയപ്പെട്ട എം.എൽ.എ സി കെ ഹരീന്ദ്രനും ജയിൽ വകുപ്പ് മേധാവി ബൽറാം കുമാർ ഉപാദ്ധ്യായയും ചടങ്ങിൽ സന്നിഹിതരായിരുന്നു.

# പ്രദർശന സ്റ്റാളിന്റെ ഉദ്ഘാടനം കൃഷിമന്ത്രി പി.പ്രസാദ് നിർവ്വഹിച്ചു

മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടിയുടെ ഭാഗമായി കാമിലോട്ട് കൺവെൻഷൻ സെന്ററിൽ പ്രധാന വേദിക്കു സമീപം വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ഒരുക്കിയ കാർഷിക പ്രദർശന സ്റ്റാളുകളുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി .പ്രസാദ് നിർവ്വഹിച്ചു. കേര, ഹോർട്ടികോർപ്, കേരശ്രീ, കേരഗ്രാമം, മത്സ്യബന്ധനം, ആനിമൽ ഹസ്ബൻഡറി, മിൽമ തുടങ്ങിയ സ്ഥാപനങ്ങളുടെയും വിവിധ സംഘടനകളുടെയും 33 പ്രദർശന സ്റ്റാളുകളാണ് സജ്ജമാക്കിയിരുന്നത്. തീം പവലിയനും 27 വകുപ്പുതല സ്റ്റാളുകളും ഉണ്ടായിരുന്നു.

കേരശ്രീ, കേരഗ്രാമം, കഞ്ഞിക്കുഴി കാർഷിക കർമ്മസേന തുടങ്ങിയവയുടെ നേതൃത്വത്തിൽ നൂതന ആശയമായ കൃഷിക്കൂട്ടമുൾപ്പടെ പ്രദർശനത്തിന്റെ ഭാഗമായി. പച്ചക്കറികൾ, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, തൈകൾ, ചെടികൾ തുടങ്ങിയവ ഇവിടെ ലഭ്യമാകും. കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യവും പ്രദർശനത്തിന്റെ ഭാഗമായി ഒരുക്കിയിരുന്നു.



# മാറിവന്ന കേന്ദ്രസർക്കാരുകൾ കാർഷിക മേഖലയെ നയിച്ചത് പ്രതിസന്ധിയുടെ കയത്തിലേക്ക്: മന്ത്രി പി. പ്രസാദ്

കാലാകാലങ്ങളായി മാറി വന്ന കേന്ദ്രസർക്കാരുകൾ കാർഷിക മേഖലയുടെ വളർച്ചയ്ക്കായി ദീർഘവീക്ഷണത്തോടെയുള്ള ഒരു നടപടികളും തന്നെ സ്വീകരിച്ചിട്ടില്ല എന്നും അവരുടെ നയങ്ങൾ കാർഷിക വളർച്ചയ്ക്ക് പ്രതിസന്ധി മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ എന്നും മന്ത്രി പി പ്രസാദ് പറഞ്ഞു. കാർഷികോല്പന്നങ്ങളുടെ വില സ്ഥിരത ഉറപ്പാക്കുന്നതിലോ, ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവിനോ,കർഷക വരുമാന വർദ്ധനവിനോ ഉള്ള നടപടികൾ ഒന്നും തന്നെ ഇവർ സ്വീകരിച്ചിട്ടില്ല എന്നും ആഗോളവൽക്കരണത്തെ പിന്തുണയ്ക്കുന്ന കേന്ദ്ര നയങ്ങൾ കാർഷികോല്പന്നങ്ങളുടെ വിലയിടിവിനും കാർഷിക സമ്പദ് ഘടനയുടെ തളർച്ചയ്ക്കും കാരണമായതായും മന്ത്രി നിയമസഭയിൽ സൂചിപ്പിച്ചു. റബ്ബർ ഉൾപ്പെടെയുള്ള മിക്ക നാണ്യ വിളകളുടെയും വില തകരുന്നത് പ്രാഥമികമായി ഉദാരവൽക്കരണ പ്രക്രിയ മൂലമുണ്ടായ കയറ്റുമതി- ഇറക്കുമതി നയങ്ങളും ഡബ്ല്യൂ ടി ഒ (WTO) , ഫ്രീ ട്രേഡ് എഗ്രിമെന്റ് (FTA) , ആസിയൻ (ASEAN ) കരാറുകളുടെ ഭാഗമായി ഏർപ്പെടുത്തിയ വ്യവസ്ഥകൾ മൂലവുമാണ്. സ്വതന്ത്ര വ്യാപാര കരാറുകൾ നമ്മുടെ കാർഷിക സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് തകർത്തിരിക്കുന്നത്. വിലയിലെ ചാഞ്ചാട്ടം നേരിടാൻ കേന്ദ്രം ഭരിച്ചിരുന്ന ഒരു സർക്കാരും യാതൊരു നടപടികളും സ്വീകരിച്ചിരുന്നില്ല. ഭക്ഷ്യ എണ്ണകളുടെ കാര്യത്തിലും ഇതുതന്നെയായിരുന്നു അവസ്ഥ. ഊഹക്കച്ചവടങ്ങളെ നിയന്ത്രിക്കുന്നതിലും കേന്ദ്ര ഇടപെടലുകൾ വമ്പൻ പരാജയമായിരുന്നു. എന്നാൽ സംസ്ഥാന സർക്കാർ ആകട്ടെ വ്യക്തമായ നയ പരിപാടികൾ കർഷക പക്ഷത്ത് നിന്നുകൊണ്ട് കൃത്യതയോടും സുതാര്യമായും നടപ്പിലാക്കുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്. അത്തരം ഇടപെടലുകൾ പൊതുജന പങ്കാളിത്തത്തോടെയും കാര്യക്ഷമതയോടെയും നിർവഹിക്കുന്നതിൽ ചാരിതാർത്ഥ്യവുമുണ്ട്.

കാർഷിക മേഖലയിലെ ഈ ഇടപെടലുകളെല്ലാം സർക്കാർ നടത്തുമ്പോൾ തന്നെ പല കേന്ദ്ര സർക്കാർ നയങ്ങളും കർഷകവിരുദ്ധമായികൊണ്ടിരിക്കുകയാണ്. "ജയ് ജവാൻ ജയ് കിസ്സാൻ" എന്ന് അഭിമാനം കൊണ്ട ഭാരതത്തിൽ ഇന്ന് നിലനിൽപ്പിനായി കർഷകർ തെരുവിൽ പോരാടുകയാണ്. ഈ പോരാട്ടത്തിനെ കേന്ദ്ര സർക്കാർ അടിച്ചമർത്തിക്കൊണ്ടിരിക്കുന്നു. ഈ കർഷക വിരുദ്ധതയ്ക്ക് കേന്ദ്രം ഭരിച്ച കോൺഗ്രസ് സർക്കാരിന്റെയും പങ്ക് ചെറുതല്ല. ഈ കർഷക വിരുദ്ധ നടപടികൾക്കെതിരെ രാഷ്ട്രീയത്തിനതീതമായി ഒരു കൂട്ടായ്മ ഉണ്ടാകേണ്ടതുണ്ട്. അതിനെയാണ് പ്രതിപക്ഷം പിന്തുണയ്ക്കേണ്ടത്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നടന്നു വരുന്ന നെല്ല് സംഭരണം കാര്യക്ഷമമാക്കുവാൻ സർക്കാർ നടപടികൾ കൈക്കൊണ്ടിരുന്നു. ഈ സീസണിൽ ഇതു വരെ ഒന്നാം വിളയിൽ 55793 കർഷകരിൽ നിന്നായി 1.358 ലക്ഷം മെട്രിക് ടണ്ണും, രണ്ടാം വിളയിൽ 429 കർഷകരിൽ നിന്നായി 3850 മെട്രിക് ടൺ നെല്ലും സംഭരിച്ചിട്ടുണ്ട്. സംഭരണ വിലയായി 39666 കർഷകർക്കായി 294.48 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. അടിസ്ഥാന താങ്ങു വില ഉൾപ്പെടെയുള്ള നെല്ല് സംഭരണ ചെലവുകളുടെ ഇനത്തിൽ 2017-18 മുതൽ 2022-23 വരെ 614.98 കോടി രൂപ കേന്ദ്ര സർക്കാർ തടഞ്ഞു വെച്ചിട്ടുണ്ട്. നെല്ല് സംഭരണം കാര്യക്ഷമമാക്കുവാനും കർഷകർക്ക് യഥാസമയം നെല്ലിന്റെ വില ലഭ്യമാക്കുവാനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയും ഒരു വിദഗ്ധ സമിതിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.



ഈ സർക്കാർ കർഷകരുടെ പ്രശ്നങ്ങളിൽ യഥാസമയം ഇടപെടുകയും കർഷക പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിൽ പ്രതിജ്ഞാബദ്ധവുമായ ഒരു സർക്കാരാണ്. നെല്ല്, നാളികേരം, പച്ചക്കറി, റബ്ബർ കർഷകരുടെ പ്രശ്നങ്ങളിൽ യഥാസമയം ഇടപെടുകയും ആവശ്യമായ ഉത്തരവുകളിലൂടെ സാമ്പത്തികമായും സാങ്കേതികമായും കർഷകരെ സഹായിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും കേന്ദ്രത്തിൻറെ തെറ്റായ കാർഷിക നയങ്ങളും വന്യമൃഗ പ്രശ്നങ്ങളും അണു കുടുംബങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവും, ഉയർന്ന ജനസാന്ദ്രത മൂലം കൃഷി ഭൂമിയിലുണ്ടായിട്ടുള്ള കുറവും, കേരളത്തിലെ കാർഷിക മേഖലയ്ക്ക് സൃഷ്ടിക്കുന്ന ഭീഷണിയും തരണം ചെയ്യാൻ 2026 ലക്ഷ്യമാക്കി കൃഷി വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള വിവിധങ്ങളായ ജനകീയ കാർഷിക വികസന പദ്ധതികളാണ് കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

കാർഷിക സംസ്കാരം വീണ്ടെടുക്കുന്നതിൻറെ ആവശ്യകതയും പ്രാ

ദേശിക സാമ്പത്തിക വികസനത്തിൽ കാർഷിക മേഖലയുടെ പങ്കം മനസ്സിലാക്കി സർക്കാർ നടപ്പിലാക്കിയ "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയിലൂടെ കാർഷിക മേഖലയിൽ ജനപങ്കാളിത്തം ഉയർത്തുവാനം കാർഷിക മേഖലയിൽ ജനകീയ കൂട്ടായ്മകൾ "കൃഷിക്കൂട്ടങ്ങളായി" സൃഷ്ടിക്കുവാനം സാധ്യമായി. ഭക്ഷ്യ സുരക്ഷ, സുരക്ഷിത ഭക്ഷണം, കർഷകരുടെ വരുമാന വർദ്ധനവ് എന്നീ ലക്ഷ്യങ്ങളാണ് ഇതിലൂടെ സർക്കാർ യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുന്നത്. ഉത്പാദന മേഖലയിൽ വിപണിയധിഷ്ഠിതമായ ഉത്പാദനം സാധ്യമാക്കുവാനം ഉത്പ്പന്നങ്ങൾക്ക് പരമാവധി വില ലഭ്യമാക്കുവാനം കൃഷിക്കൂട്ടങ്ങളെ ഫലപ്രദമായി സംയോജിപ്പിച്ച് ഉല്പാദന, സേവന, മൂല്യവർദ്ധിത മേഖലകളിലൂടെ ലക്ഷ്യം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. 2026 ആകുമ്പോഴേക്കും ഒരു ലക്ഷം ഹെക്ടറിൽ മൂല്യ വർദ്ധിത കൃഷിയും 3000 കോടിയുടെ വിറ്റുവരവും മൂന്ന് ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കുക എന്ന വ്യക്തമായ കാഴ്ചപ്പാടോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. വിളയധിഷ്ഠിത കൃഷി രീതി പ്രോത്സാഹിപ്പിച്ചും കർഷക ഉത്പാദക സംഘങ്ങൾ (FPO) രൂപീകരിച്ച് ഉത്പാദന വർദ്ധനവും വിപണിയും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനത്തിൽ സഹായിക്കുവാൻ മൂല്യ വർദ്ധിത കാർഷിക മിഷൻ (VAAM) , കേരള അഗ്രോ ബിസിനസ്സ് കമ്പനി ( KABCO)എന്നിവ യാഥാർത്ഥ്യമായി കഴിഞ്ഞു.

നിലവിലുള്ള കർഷകരെ ഈ മേഖലയിൽ നിലനിർത്തുവാനുള്ള ശ്രമം സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. നെല്ല്, പച്ചത്തേങ്ങ, വിവിധയിനം പച്ചക്കറികൾ, റബ്ബർ, എന്നിവയ്ക്ക് സർക്കാർ താങ്ങുവിലയും കുറഞ്ഞ അടിസ്ഥാന വിലയും നിശ്ചയിച്ച് കർഷകരെ സഹായിക്കുന്നു. കൂടാതെ ഈ ഉത്പ്പന്നങ്ങൾ സർക്കാർ തലത്തിൽ ശേഖരിച്ച് വിപണി വില ഉറപ്പാക്കുവാനം സാധ്യമായിട്ടുണ്ട്. നെല്ല് സംഭരണം, തേങ്ങാ സംഭരണം, പച്ചക്കറി സംഭരണം, റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് എന്നിവയിൽ സർക്കാർ കാര്യക്ഷമമായി ഇടപെടുന്നുണ്ട്. 2020-21 വർഷം കേരളത്തിലെ കാർഷിക മേഖലയ്ക്കായി 590.61 കോടി രൂപയും 2021-22 വർഷം 605.9 കോടി രൂപയും 2022-23 വർഷം 587.37 കോടി രൂപയും 2023-24 വർഷം 650.66 കോടി രൂപയും സംസ്ഥാന പദ്ധതികളിൽ കർഷകർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി വകയിരുത്തിയിരുന്നു.

സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നേരിട്ട് ലഭ്യമാക്കുന്നതിന് ഈ സർക്കാരിൻറെ കാലത്ത് 50 കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. ഇതിന് പുറമേ കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക കേരളം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ലോക ബാങ്ക് സഹായത്തോടെ അടുത്ത സാമ്പത്തിക വർഷം മുതൽ അഞ്ച് വർഷത്തേക്ക് നടപ്പിലാക്കുന്ന 2375 കോടി രൂപയുടെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യ വർദ്ധിത ശൃംഖല നവീകരണ പദ്ധതി (KERA ) ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സർക്കാരിന്റെ കാര്യക്ഷമമായ വിപണി ഇടപെടലിലൂടെ പച്ചത്തേങ്ങയുടെ വിലയിടിവ് പിടിച്ച് നിർത്തുവാൻ സാധ്യമായിട്ടുണ്ട്. റബ്ബർ, പഴം, പച്ചക്കറി എന്നിവയുടെ വിലസ്ഥിരത ഉറപ്പാക്കുന്നതിലും സർക്കാർ ഇടപെടലുകൾ ഫലപ്രദമാകുന്നുണ്ട്. കർഷകരുടെ സാമ്പത്തിക പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കുന്നതിന് കടാശ്വാസ കമ്മീഷന്റെ ഇടപെടലുകൾ സഹായകരമാകുന്നുണ്ട്.

# ബേപ്പൂർ ഫിഷറീസ് കോംപ്ലക്സ് മന്ത്രി സജി ചെറിയാൻ ഓൺലൈനിൽ നാടിനു സമർപ്പിച്ചു

ബേപ്പൂർ മത്സ്യത്തൊഴിലാളികളുടെ ചിരകാല സ്വപ്നമായ ബേപ്പൂർ ഫിഷറീസ് കോംപ്ലക്സ് മന്ത്രി സജി ചെറിയാൻ ഓൺലൈ നിൽ നാടിനു സമർപ്പിച്ചു. സംസ്ഥാനത്തിന്റെ സമ്പത്ത്യവസ്ഥയിലും ഭക്ഷ്യസുരക്ഷയിലും മത്സ്യ ത്തിനു നിർണായക പങ്കുണ്ടെന്നും ദേശീയ മത്സ്യ ഉൽപാദനത്തിൻറെ 13% കേരളത്തിൽ നിന്നാണെന്നും മന്ത്രി പറഞ്ഞു.

മന്ത്രി പി.എ.മുഹമ്മദ് റിയാസ് അധ്യക്ഷത വഹിച്ചു ഫലകം അനാഛാദനം ചെയ്തു. തീരദേശ ജനതയുടെ ജീവിത സാഹചര്യ ത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്ന ഒട്ടേറെ വികസന ക്ഷേമ പദ്ധ തികൾ സർക്കാർ നടപ്പാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ഒപ്പം നിന്നാണു സർക്കാരും



ഫിഷറീസ് വകുപ്പും പ്രവർത്തിക്കുന്നത്. അരക്ഷിതമായ സാഹചര്യങ്ങളിലും മറ്റു മാണ പലപ്പോഴും മത്സ്യ ത്തൊഴിലാളി കൾ തൊഴിലെടുക്കുന്നത്. കടൽക്ഷോ ഭം പോലുള്ള അപകട സാഹചര്യങ്ങൾ മത്സ്യ ത്തൊഴിലാളികൾ നേരിടുന്ന എന്നതു യാഥാർഥ്യമാണെന്നും കടലോ രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും മെച്ചപ്പെ ടേണ്ടതുണ്ടെന്നും മന്ത്രി റിയാസ് പറഞ്ഞു.

കൗൺസിലർ എം.ഗിരിജ, കോസ്റ്റ് ഗാർഡ് ഡപ്യൂട്ടി കമൻഡാ ന്റ് കെ.അമർനാഥ്, ഫിഷറീസ് ജോ. ഡയറക്ടർ ബി.കെ.സുധീർ കിഷൻ, ഹാർബർ എൻജിനീയറിങ് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ ടി.ജയ ദീപ്, മത്സ്യത്തൊഴിലാ ളി ക്ഷേമനിധി ബോർഡ് റീജനൽ

എക്സിക്യൂട്ടീവ് പി.കെ. രഞ്ജിനി, മത്സ്യഫെഡ് ജില്ലാ മാനേജർ ഇ.മ നോജ്, ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ



പി.എസ്.ശിവപ്രസാദ്, എം. ബഷീർ ഹാജി, കരിച്ചാലി പ്രേമൻ, സി.നാസർ, എ.കരുണാകരൻ, കെ.പി.ഹുസൈൻ, കെ.വി.മു സ്തഫ എന്നിവർ പ്രസംഗിച്ചു.

# കേന്ദ്ര കൃഷി കർഷകക്ഷേമ വകുപ്പ് സഹമന്ത്രി സുശ്രീ. ശോഭ കരന്ദ്ലാജെ നാളികേര വികസന ബോർഡിന്റെ എക്സ്പോർട്ട് എക്സലൻസ് ദേശീയ അവാർഡുകൾ വിതരണം ചെയ്തു

ശ്രീ. ശോഭ കരന്ദ്ലാജെ, കേന്ദ്ര കൃഷി കർഷകക്ഷേമ വകുപ്പ് സഹമന്ത്രി 2024 ഫെബ്രുവരി 29ന് ബാംഗ്ലൂരിലെ എൻഐഎഎൻപി ഓഡിറ്റോറിയത്തിൽ നാളികേരത്തി ന്റെ കയറ്റുമതി മികവിനുള്ള ദേശീയ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കേര മേഖലയിൽ സാങ്കേതികവിദ്യ/ വിപണന ശേഷി മെച്ചപ്പെടുത്തുന്ന തോടൊപ്പം നൂതനമായ സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിനായി യുവതലമുറയെ പ്രോത്സാഹിപ്പിക്കേ ണ്ടതുണ്ടെന്നും മന്ത്രി അവാർഡ് ദാന വേളയിൽ പറഞ്ഞു. നാളികേരത്തി ലെ മികച്ച നേട്ടം കൈവരിച്ചവരെ അവർ അഭിനന്ദിക്കുകയും കയറ്റുമതി പ്രകടനത്തിലെ മികവിനുള്ള ദേശീയ അവാർഡുകൾ വിതരണം ചെയ്യുന്ന ബോർഡിന്റെ പരിശ്രമത്തെ അഭിന ന്ദിക്കുകയും ചെയ്തു. കർഷകർക്കുള്ള കേന്ദ്ര സർക്കാർ പിന്തുണയെക്കുറിച്ച് പരാമർശിക്കവേ, സംസ്ഥാന ഹോർ ട്ടികൾച്ചർ/കൃഷി വകുപ്പുകളിൽ നി ന്നുള്ള സബ്സിഡികൾ, കാർഷിക അടിസ്ഥാന സൗകര്യ ഫണ്ട്, രാഷ്ട്രീയ കൃഷി വികാസ് യോജന തുടങ്ങിയവ കർഷകരുടെയും നാളികേര മേഖലയു ടേയും പ്രയോജനത്തിനായി കൃത്യമാ യി വിനിയോഗിക്കുന്നില്ലെന്ന് അവർ ചൂണ്ടിക്കാട്ടി. ഹോർട്ടികൾച്ചർ/കൃഷി വകുപ്പുകൾ നിലവിൽ വ്യാവസായിക വകുപ്പുകൾ വഴിയാണ് കയറ്റുമതി ചെ യ്യുന്നത്. അതുകൊണ്ടു തന്നെ അവർ കാർഷിക ഉൽപന്നങ്ങളെക്കാൾ വ്യാ വസായിക ഉൽപന്നങ്ങളെ പ്രോത്സാ ഹിപ്പിക്കുന്നു. കൃഷി/ഹോർട്ടികൾച്ചർ ഉൽപന്നങ്ങൾ കയറ്റുമതി മെച്ചപ്പെടുത്തു ന്നതിന്, പ്രത്യേക സെൽ ഉണ്ടാക്കാൻ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ അപെഡ (APEDA), ഡിജിഎഫ്ടിയുമാ യി (DGFT) ചേർന്ന് പ്രവർത്തിക്കാൻ മന്ത്രി സംസ്ഥാന/കൃഷി/ഹോർട്ടി കൾച്ചർ വകുപ്പുകളോട് അഭ്യർത്ഥിച്ചു. ലോകമെമ്പാടുമുള്ള വിവിധ രാജ്യങ്ങ ളിൽ ആവശ്യമായ ഉൽപ്പന്നങ്ങളുടെ പട്ടിക അപെഡയുടെ കൈയ്യിലുണ്ട്. അതനുസരിച്ച് സംസ്ഥാന/കൃഷി/ ഹോർട്ടികൾച്ചർ വകുപ്പുകൾക്ക് ഓരോ രാജ്യത്തു നിന്നുമുള്ള ആവശ്യകതകൾ തിരിച്ചറിയാനും ബന്ധപ്പെട്ട സംസ്ഥാ നത്ത് നിന്ന് ആവശ്യമായ കാർഷിക ഉൽപ്പന്നങ്ങളുടെ ചരക്ക് കയറ്റുമതി പ്രോത്സാഹിപ്പിക്കാനും കഴിയും. നൂതന സാങ്കേതികവിദ്യയിലൂടെ മൂ ല്യവർദ്ധനവിനും ഉൽപ്പന്ന വൈവിധ്യ വൽക്കരണത്തിനും പുതിയ വഴികൾ തുറക്കുന്നു. കേരോൽപ്പന്നങ്ങളുടെ മൂല്യവർധനവ് പ്രോത്സാഹിപ്പിച്ച് കർ ഷകന്റെ വരുമാനം ഇരട്ടിയാക്കണം. യൂറോപ്യൻ, അമേരിക്കൻ രാജ്യങ്ങ ളിലെ സസ്യാഹാര സമ്പ്രദായത്തിൽ സോയ പാലിനേക്കാൾ തേങ്ങാപ്പാൽ കൂടുതലായി ഉപയോഗിക്കാനാണ് അവർ താൽപര്യപ്പെടുന്നത്. ഇത്തരം വിപണികൾ കണ്ടെത്താനാണ് നാം ശ്രമിക്കേണ്ടത്.



2009 മുതൽ നാളികേര വികസന ബോർഡ് എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലായും (ഇപിസി) പ്രവർത്തിക്കുന്നുവെന്ന് ബോർഡിന്റെ സിഇഒയും ഹോർട്ടികൾച്ചർ കമ്മീഷണറുമായ ഡോ. പ്രഭാത് കുമാർപറഞ്ഞു. 2022 – 23 വർഷത്തിൽ കയറ്റുമതി ചെയ്ത നാളികേര ഉൽപ്പന്നങ്ങളുടെ ആകെ മൂല്യം 3554.23 കോടി രൂപയിൽ എത്തി.. ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, മൂല്യവർദ്ധന, വിപണനം, കയറ്റുമതി എന്നിവ വർദ്ധിപ്പിക്കുന്നതിൽ ബോർഡ് നിർണായക പങ്ക് വഹിക്കുന്നു.

സി.പി.സി.ആർ.ഐ ഡയറക്ടറും സി.ഡി.ബി വൈസ് ചെയർമാനുമായ ഡോ. കെ. ബി. ഹെബ്ബാർ അവാർഡ് ജേതാക്കളെ അഭിനന്ദിക്കുകയും സി.പി.സി.ആർ.ഐ.യും നാളികേര വികസന ബോർഡും നൽകുന്ന സാങ്കേതിക സഹായവും സാമ്പത്തിക സഹായവും നാളികേര മേഖലയുടെ ഉന്നമനത്തിനായി ഉപയോഗിക്കണമെന്നും ആവശ്യപ്പെട്ടു. കാർഷിക മേഖലയിൽ തെങ്ങ് പ്രതീക്ഷ നൽകുന്ന വിളയാണെന്നും അദ്ദേഹം പറഞ്ഞു. കാലാവസ്ഥാ പ്രതിരോധം, കാർബൺ സെക്വസ്ട്രേഷൻ എന്നിവയിൽ നാം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇക്കഴിഞ്ഞ നാല് വർഷത്തെ അവാർഡ് സ്കീമിൽ, സ്വർണം, വെള്ളി, വെങ്കലം എന്നിങ്ങനെ ഓരോ വിഭാഗത്തിലും മൂന്ന് അവാർഡുകൾ അടങ്ങുന്ന 12 വിഭാഗങ്ങൾ ഉൾപ്പെടുന്നു. 2019 – 20 മുതൽ 2022 – 23 വരെയുള്ള കാലയളവിൽ നാളികേര കയറ്റുമതിയുടെ വിവിധ തലങ്ങളിലുള്ള മികവ് അംഗീകരിച്ചുകൊണ്ട് മൊത്തം 32 അവാർഡുകൾ വിതരണം ചെയ്തു. സ്വർണം, വെള്ളി, വെങ്കലം ജേതാക്കൾക്ക് യഥാക്രമം 100000, 75000, 50000 രൂപയും മെമന്റോയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്.

കർണ്ണാടക സർക്കാർ ഹോർട്ടികൾച്ചർ ഡയറക്ടർ ശ്രീ. രമേഷ് ഡി.എസ്. ഐ.എ.എസ്, ബാംഗ്ലൂരിലെ എൻ.ഐ.എ.എൻ.പി ഡയറക്ടർ ഡോ. എൻ.കെ.എസ്. ഗൗഡ എന്നിവർ ചടങ്ങിൽ വിശിഷ്ടാതിഥികളായിരുന്നു. നാളികേര വികസന ബോർഡ് മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ഹനുമന്ത ഗൗഡ സ്വാഗതവും, ഡയറക്ടർ ശ്രീമതി. ദീപ്തി നായർ നന്ദിയും പ്രകാശിപ്പിച്ചു.

2019 – 2020 ലെ ചിരട്ട കൊണ്ടുള്ള ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കുള്ള സ്വർണ്ണ പുരസ്ക്കാരം തമിഴ്നാട്ടിലെ തിരുപ്പൂരിലെ യുണൈറ്റഡ് കാർബൺ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിനാണ് ലഭിച്ചത്. തമിഴ്നാട്, തിരുനെൽവേലി, നോവ കാർബൺസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് വെള്ളി പുരസ്ക്കാരവും തമിഴ്നാട്ടിലെ കോയമ്പത്തൂരിലെ ജക്കോബി കാർബൺസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് വെങ്കല പുരസ്ക്കാരവും ലഭിച്ചു. നാളികേര കാമ്പിൽ നിന്നും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കുള്ള സ്വർണ്ണ പുരസ്ക്കാരം മാരിക്കോ ലിമിറ്റഡ്, സാന്താക്രൂസ്, മഹാരാഷ്ട്ര നേടി; കേരളത്തിൽ നിന്നുള്ള കെഎൽഎഫ് നിർമ്മൽ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് വെള്ളിയും, മഹാരാഷ്ട്രയിലെ ബാന്ദ്രയിലുള്ള ഫെയർ എക്സ്പോർട്ട് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് വെങ്കല പുരസ്ക്കാരവും ലഭിച്ചു. എറണാകുളം ജില്ലയിലെ ലാല അഗ്രോ ട്രോപിക് പ്രൈവറ്റ് ലിമിറ്റഡിന് നൂതന (innovative) നാളികേര ഉൽപ്പന്ന കയറ്റുമതിക്കുള്ള സ്വർണ്ണ സമ്മാനം ലഭിച്ചു.

2020 – 21 ലെ ചിരട്ട കൊണ്ടുള്ള ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കുള്ള സ്വർണ്ണ പുരസ്ക്കാരം തമിഴ്നാട്ടിലെ തിരുനെൽവേലിയിലുള്ള നോവ കാർബൺസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് കരസ്ഥമാക്കി. തമിഴ്നാട്ടിലെ തിരുപ്പൂരിലെ യുണൈറ്റഡ് കാർബൺ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിനാണ് വെള്ളിയും തമിഴ്നാട്ടിലെ കോയമ്പത്തൂരിലെ ജക്കോബി കാർബൺസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് വെങ്കലവും ലഭിച്ചു. നാളികേര കാമ്പിൽ നിന്നും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കുള്ള സ്വർണ്ണ പുരസ്ക്കാരം മാരിക്കോ ലിമിറ്റഡ്, സാന്താക്രൂസ്, മഹാരാഷ്ട്ര

നേടി; കേരളത്തിലെ കെഎൽഎഫ് നിർമൽ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് വെള്ളിയും ആലുവ മെഴുക്കാട്ടിൽ മിൽസിന് വെങ്കല പുരസ്ക്കാരവും ലഭിച്ചു. തമിഴ്നാട്ടിലെ കോയമ്പത്തൂരിലെ വാഷിനി എക്സ്പോർട്ട്സിന് വുമൺ എക്സ്പോർട്ടർക്കുള്ള സ്വർണ്ണ പുരസ്ക്കാരം ലഭിച്ചു. എറണാകുളത്തെ ലാല അഗ്രോ ട്രോപിക് പ്രൈവറ്റ് ലിമിറ്റഡിന് നൂതന (innovative) നാളികേര ഉൽപന്ന കയറ്റുമതിക്കുള്ള സ്വർണ്ണ പുരസ്ക്കാരം ലഭിച്ചു.

2021 - 22 ലെ ചിരട്ട കൊണ്ടുള്ള ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കുള്ള സ്വർണ്ണ പുരസ്ക്കാരം തമിഴ്നാട്ടിലെ തിരുനെൽവേലിയിലുള്ള നോവ കാർബൺസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് കരസ്ഥമാക്കി. യുണൈറ്റഡ് കാർബൺ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുപ്പൂർ, തമിഴ്നാട് വെള്ളിയും തമിഴ്നാട്ടിലെ കോയമ്പത്തൂരിലെ ജക്കോബി കാർബൺസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് വെങ്കല പുരസ്ക്കാരവും ലഭിച്ചു. നാളികേര കാമ്പിൽ നിന്നും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കുള്ള സ്വർണ്ണ പുരസ്ക്കാരം മാരിക്കോ ലിമിറ്റഡ്, സാന്താക്രൂസ്, മഹാരാഷ്ട്ര നേടി; കേരളത്തിലെ മെഴുക്കാട്ടിൽ മിൽസ് വെള്ളിയും മഹാരാഷ്ട്രയിലെ ബാന്ദ്രയിലെ ഫെയർ എക്സ്പോർട്ട് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് നാളികേര കാമ്പിൽ നിന്നും നിർമ്മിക്കുന്ന ഉൽപ്പന്ന കയറ്റുമതിക്കുള്ള വെങ്കലവും ലഭിച്ചു. തമിഴ്നാട്ടിലെ കോയമ്പത്തൂരിലെ വഷിനി എക്സ്പോർട്ട്സിന് വുമൺ എക്സ്പോർട്ടർക്കുള്ള സ്വർണ്ണ പുരസ്ക്കാരവും ലഭിച്ചു. എറണാകുളത്തെ ലാല അഗ്രോ ട്രോപിക് പ്രൈവറ്റ് ലിമിറ്റഡിന് നൂതന (innovative) നാളികേര ഉൽപ്പന്ന കയറ്റുമതിക്കുള്ള സ്വർണ്ണ പുരസ്ക്കാരം നേടി.

2022 - 23 ലെ ചിരട്ട കൊണ്ടുള്ള ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കുള്ള സ്വർണ്ണ പുരസ്ക്കാരം തമിഴ്നാട്ടിലെ യുണൈറ്റഡ് കാർബൺ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് കരസ്ഥമാക്കി. തമിഴ്നാട് തിരുനെൽവേലയിലെ, നോവ കാർബൺസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് വെള്ളിയും തമിഴ്നാട്ടിലെ കോയമ്പത്തൂരിലെ ജേക്കബി കാർബൺസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് വെങ്കലവും ലഭിച്ചു. നാളികേര കാമ്പിൽ നിന്നും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കുള്ള സ്വർണ്ണ പുരസ്ക്കാരം മാരിക്കോ ലിമിറ്റഡ്, സാന്താക്രൂസ്, മഹാരാഷ്ട്ര നേടി; കേരളത്തിൽ നിന്നുള്ള മെഴുക്കാട്ടിൽ മിൽസിന് വെള്ളിയും ഇരിങ്ങാലക്കുടയിലെ കെഎൽഎഫ് നിർമൽ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡും നാളികേര കാമ്പിൽ നിന്നും നിർമ്മിക്കുന്ന ഉൽപ്പന്ന കയറ്റുമതിക്കുള്ള വെങ്കല പുരസ്ക്കാരവും ലഭിച്ചു. തമിഴ്നാട്ടിലെ കോയമ്പത്തൂരിലെ കാർബ്യൂർ ആക്ടിവേറ്റഡ് കാർബൺ പ്രൈവറ്റ് ലിമിറ്റഡിന് വുമൺ എക്സ്പോർട്ടർക്കുള്ള സ്വർണ്ണവും ലഭിച്ചു. ആലുവ യിലെ മെഴുക്കാട്ടിൽ മിൽസിന് നൂതന (innovative) കോക്കനട്ട് പ്രൊഡക്ട് എക്സ്പോർട്ടർക്കുള്ള സ്വർണ്ണവും, കണ്ണൂരിലുള്ള നാറ്റ ന്യൂട്രിക്കോ കോക്കനട്ട് ഫുഡ് പ്രോഡക്ട്സ് നാളികേര വെള്ളത്തിൽ നിന്നുള്ള ഉൽപ്പന്ന കയറ്റുമതിക്കുള്ള സ്വർണ്ണ പുരസ്ക്കാരവും ലഭിച്ചു.




ആലപ്പുഴയിലെ നെല്ല് കർഷകരുമായുള്ള കൃഷിമന്ത്രിയുടെ സംവാദം

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh